**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3752** **27-06-2024 - ൽ മറുപടിയ്ക്ക്**

**സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ നിലവിൽ 24 മണിക്കൂർ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്ര വീതം സ്ക്വാഡുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാൾ നിലവിൽ 24 മണിക്കൂർ പ്രവർത്തിക്കുന്നില്ല |
| (ബി) | സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ജോലി ചെയ്യുന്നതിന് നൽകിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ജില്ലകളിലും സുസജ്ജമായ ആർ ടിഎൻഫോഴ്സ്മെന്റ് ഓഫീസുകൾ സ്ഥാപിക്കുകയും സ്ക്വാഡുകൾക്ക് ആവശ്യമായ വാഹനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.വാഹന പരിശോധനക്കായി ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ലാപ്ടോപ്പുകളും പി ഒ എസ് മെഷിനുകളും സി യു ജി സിം കാർഡുകളും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡ് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതു മൂലം എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.ഇലക്ട്രിക് വാഹനങ്ങൾക്ക് അറ്റകുറ്റപ്പണികൾ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ താൽക്കാലികമായി തടസ്സപ്പെടാറുണ്ട്. റീചാർജ്ജ് സെല്ലുകളുടെ ഇന്ധനക്ഷമതക്കുറവ് പ്രധാനപോരായ്മയാണ്.അറ്റകുറ്റപ്പണി വേഗത്തിൽ തീർത്ത് വാഹനങ്ങൾ വളരെ വേഗം പ്രവർത്തനക്ഷമമ ക്കുന്നതിനായി വാഹന നിർമ്മാതാക്കളായ ടാറ്റാ കമ്പനിയുമായി ചർച്ച നടത്തിയിട്ടുണ്ട്. |
| (ഡി) | 2018 ൽ സേഫ് കേരള പദ്ധതി നടപ്പിലാക്കിയപ്പോൾ സ്ക്വാഡിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എത്ര വീതമാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | 2018 @ സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് 34 സ്ക്വാഡുകളിലായി 11 34 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, 68 അസിസ്റ്റന്റ് മോട്ടോർ വെ ഹിക്കിൾ ഇൻസ്പെക്ടർ (34X2=68) ത സ്തികകൾ വകുപ്പിൽ നിലവിലുണ്ടായിരുന്നു. സേഫ് കേരള പദ്ധതിയിൽ പുതുതായി 51 സ്ക്വാഡുകളും 10 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, 65 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, 187 അ സിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പക്ടർ തസ്തികയും സൃഷ്ടിക്കപ്പെട്ടു. |

| | | | |
|---|---|---|---|
| (ഇ) | സേഫ് കേരള പദ്ധതിയിലെ നിലവിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ആർ.റ്റി.ഒ. മാരുടെ എണ്ണം എത്രയെന്നും നിലവിൽ എത്ര സ്ക്വാഡുകൾ പ്രവത്തിക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ഇ) | നിലവിൽ വകുപ്പിലെ ആകെ സ്ക്വാഡുക ളുടെ എണ്ണം 85 ആണ്. പ്രസ്തുതത സ്ക്വാ ഡുകളിലെ ജീവനക്കാരുടെ പുനർ വിന്യ ഓാസം അനുബന്ധമായി നൽകുന്നു. കൂടാതെ 14 മോട്ടോർ വെഹിക്കിൾസ് ഇ ൻസ്പെക്ടർമാരെ കൺട്രോൾ റൂമുകളിലുമായി വിന്യസിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം. | ജില്ല | നിലവിലെ സ്ക്വാഡുകളുടെ എണ്ണം | ആർ ടി ഓ മാരുടെ എണ്ണം | എം വി ഐ മാരുടെ എണ്ണം | എ എം വി ഐ മാരുടെ എണ്ണം. |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 8 | 1 | 8 | 24 |
| 2. | കൊല്ലം | 7 | 1 | 7 | 21 |
| 3. | പത്തനംതിട്ട | 5 | 1 | 5 | 15 |
| 4. | ആലപ്പുഴ | 6 | 1 | 6 | 18 |
| 5. | കോട്ടയം | 6 | 1 | 6 | 18 |
| 6. | ഇടുക്കി | 6 | 1 | 6 | 18 |
| 7. | എറണാകുളം | 8 | 1 | 8 | 24 |
| 8. | തൃശ്ശൂർ | 7 | 1 | 7 | 21 |
| 9. | പാലക്കാട് | 6 | 1 | 6 | 18 |
| 10. | മലപ്പുറം | 6 | 1 | 6 | 18 |
| 11. | കോഴിക്കോട് | 8 | 1 | 8 | 24 |
| 12. | വയനാട് | 3 | 1 | 3 | 9 |
| 13. | കണ്ണൂർ | 6 | 1 | 6 | 18 |
| 14. | കാസർഗോഡ് | 3 | 1 | 3 | 9 |
|  | ആകെ | 85 | 14 | 85 | 255 |